# പതിനാലാം കേരള നിയമസഭ
# രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5362 — 31.10.2016 - ൽ മറുപടിയ്ക്ക്

## എയിഡ്സ് രോഗികളുടെ പുനരധിവാസം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എൽദോസ് കുന്നപ്പിള്ളി | | ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ മന്ത്രി) | |
| എ) | സംസ്ഥാനത്ത് എയിഡ്സ് രോഗികളുടെ എണ്ണത്തിൽ വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ടോ; കഴിഞ്ഞ അഞ്ചു വർഷത്തെ കണക്ക് വിശദമാക്കാമോ; | എ) | ഇല്ല. സംസ്ഥാനത്തെ എച്ച്.ഐ.വി ബാധിതരുടെ കഴിഞ്ഞ അഞ്ചു വർഷത്തെ കണക്ക് ചുവടെ ചേർക്കുന്നു.<br>വർഷം - എച്ച്.ഐ.വി. ബാധിതരുടെ എണ്ണം<br>2011 - 2160<br>2012 - 1909<br>2013 - 1740<br>2014 - 1750<br>2015 - 1494 |
| ബി) | രക്തദാനം വഴി എയിഡ്സ് രോഗം ബാധിച്ചവർ എത്ര പേരുണ്ടെന്നാണ് കണ്ടെത്തിയിട്ടുള്ളത്; | ബി) | രക്തദാനം വഴി ഒരു വ്യക്തിക്കും എയിഡ്സ് രോഗം ബാധിച്ചതായി നാളിതുവരെ കണ്ടെത്തിയിട്ടില്ല. |
| സി) | എയിഡ്സ് രോഗികളെ പുനരധിവസിപ്പിക്കുവാൻ എന്ത് പദ്ധതിയാണ് ആവിഷ്കരിച്ചിട്ടുള്ളത്? | സി) | കേരളത്തിലെ എച്ച്.ഐ.വി. അണുബാധിതരെ പുനരധിവസിപ്പിക്കുന്നതിനായി സർക്കാരിന്റെ കീഴിൽ ഒരു സംവിധാനവും നിലവിലില്ല. ഇവർക്ക് സൗജന്യ ചികിത്സകളും മറ്റ് സാമൂഹ്യ സുരക്ഷാ പദ്ധതികളുമാണ് സർക്കാർ സൗജന്യമായി വിവിധ വകുപ്പുകളിലൂടെ നടപ്പിലാക്കി വരുന്നത്. |

സെക്ഷൻ ഓഫീസർ